# സഭാ സമാധാന സമിതി

## ലഘുലേഖ നമ്പർ 1

## മലങ്കര സഭയിലെ പ്രത്യേകിച്ച് അങ്കമാലി ഭദ്രാസനത്തിലെ സഭാമക്കളുടെ ശ്രദ്ധയ്ക്ക്

ഇന്നു മലങ്കരസഭയാൽ സംജാതമായിരിക്കുന്ന കുഴപ്പങ്ങൾക്കു കാരണക്കാർ ആരാണെന്നുള്ളതിനെപ്പററി സഭാമക്കളിൽ ചില ചിന്താക്കുഴപ്പങ്ങൾ ഉളവായിട്ടുണ്ട്. അല്പമൊന്നു ചിന്തിച്ചാൽ അതിനു മറുപടി കണ്ടുപിടിക്കാൻ പ്രയാസമില്ല.

### സഭാസമാധാനം

മലങ്കരസഭയാൽ അര നൂററാണ്ടുകാലം നിലനിന്നിരുന്ന അഭിപ്രായഭിന്നതകൾ അവസാനിപ്പിച്ച് സഭയിൽ സമാധാനം പുനഃസ്ഥാപിക്കുവാൻ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടേയും പരി. യാക്കോബ് തൃതീയൻ പാത്രിയക്കീസ് ബാവാതിരുമനസ്സുകൊണ്ട് സദയം സ്വീകരിച്ച സ്തുത്യർഹമായ നടപടികൾ ഏവക്കും അറിവുള്ളതാണല്ലോ.

### സമാധാനവ്യവസ്ഥകൾ

1964ൽ പരി. പാത്രിയക്കീസ് ബാവാതിരുമനസ്സുകൊണ്ട് മലങ്കരയിൽ എഴുന്നള്ളി പൗരസ്ത്യ കാതോലിക്കായെ വാഴിച്ച് സമാധാനനടപടികൾ പൂത്തിയാക്കിയ അവസരത്തിൽ പരി. പാത്രിയക്കീസ് ബാവാതിരുമേനിയും പരി. കാതോലിക്കാബാവാതിരുമേനിയും തമ്മിൽ പല പരസ്പര ധാരണകളും വ്യവസ്ഥകളും ഉണ്ടായിരുന്നു. വിവാദപരമായ പല പ്രശ്നങ്ങളും അന്നു പല പ്രമുഖ വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ അവർ തമ്മിൽ ചർച്ചചെയ്തു തീരുമാനിക്കുകയും അതുസംബന്ധിച്ച് മലങ്കരയിലെ പള്ളികളെ അറിയിക്കുവാൻ പരി. പാത്രിയക്കീസ്ബാവാ ഒരു കല്പന തയ്യാറാക്കി കാതോലിക്കാബാവായെ ഏല്പിക്കുകയും

ചെയ്തിരുന്നതാണ്. എന്നാൽ ആ കല്പന നാളിതുവരെ വെളിച്ചം കണ്ടിട്ടില്ല എന്നു മാത്രമല്ല പരസ്പരമുണ്ടായിരുന്ന ധാരണകളും വ്യവസ്ഥകളും കാതോലിക്കാബാവായും മലങ്കര സഭാകേന്ദ്രവും അധികം താമസിയാതെ ഓരോന്നായി കാററിൽ പറത്തിക്കൊണ്ടിരിക്കയായിരുന്നുവെന്ന നഗ്നസത്യം അധികമാരും അറിഞ്ഞിരിക്കയില്ല. അവയിൽ ചിലതു താഴെ ചേർക്കുന്നു.

## കരാർ ലംഘനം

1. "മർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന വിശേഷണം കാതോലിക്കാ ബാവയുടെ കല്പനകളിൽ മേലാൽ ഉപയോഗിക്കുകയില്ലെന്നുള്ള വ്യവസ്ഥ (ഈ വിവരം ശ്രീ കെ. എം. ചെറിയാൻ തന്റെ പ്രസംഗത്തിലും പ്രസ്താവനകളിലും വെളിപ്പെടുത്തിയിട്ടുള്ളതാണ്) കുറച്ചുനാൾ പാലിച്ചുവെങ്കിലും പിന്നീടതു ലംഘിക്കുവാൻ തുടങ്ങി.

2. പരി. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ഇരുഭാഗക്കാരും സമ്മതിച്ച് വിട്ടുകൊടുത്ത കുന്ദംകുളം സിംഹാസനപള്ളിക്കാര്യത്തിൽ പരി. പാത്രിയർക്കീസ് ബാവാക്ക് എതിരായി നടക്കുന്ന കേസിലേക്ക് ധനസഹായം ചെയ്യണമെന്ന് കാണിച്ച് പരി. കാതോലിക്കാബാവാ കല്പന പുറപ്പെടുവിച്ചു.

3. പരി. പാത്രിയർക്കീസ് ബാവായുടെ അധികാരസീമയിലുള്ള പാശ്ചാത്യമേഖലയിൽ ഉൾപ്പെട്ട ചില സ്ഥലങ്ങളിൽ പരി. കാതോലിക്കാബാവാ പട്ടക്കാരെ നിയമിച്ചാക്കി.

4. സഭയുടെ പ്രധാന തലവനായ പരി. പാത്രിയർക്കീസ് ബാവായുടെ അവകാശമായ റീശീസാ പരി. പാത്രിയർക്കീസ് ബാവായ്ക്കു കൊടുക്കാതെ പരി. കാതോലിക്കാ ബാവാ സ്വയമായി എടുത്തുകൊണ്ടിരിക്കുന്നു.

5. സഭാതലവനായ പരി. പാത്രിയർക്കീസ് ബാവായുടെ അറിവും സമ്മതവും കൂടാതെ സഭയിലെ നോമ്പാചരണക്രമം വ്യത്യാസപ്പെടുത്തി

6. പട്ടംകൊടശുശ്രൂഷയിൽനിന്ന് പരി. പാത്രിയർക്കീസ് ബാവയുടെ പേര് എടുത്തുകളയുകയും അപ്രകാരം



ചെയ്യുവാൻ മററു തിരുമേനിമാരോട് നിർദ്ദേശിക്കുകയും ചെയ്തു. മുൻകാതോലിക്കാ പക്ഷത്തുനിന്നിരുന്നവരായ തിരുമേനിമാർ ഇപ്പോൾ പട്ടംകൊടശുശ്രൂഷയിൽ പാത്രിയർക്കീസ് ബാവയുടെ പേര് ഉപയോഗിക്കുന്നില്ല.

7. കോലഞ്ചേരിയിൽവച്ച് മൂന്നു തിരുമേനിമാർക്ക് പട്ടം കൊടുത്ത അവസരത്തിൽ പരി. പാത്രിയർക്കീസ് ബാവായുടെ പേര് അമോലോഗിയായിൽ ഉപയോഗിച്ചതേയില്ല.

8 സഭാതലവനായ പരി. പാത്രിയർക്കീസ് ബാവായ്ക്കുപോലും പരി. കാതോലിക്കാ ബാവാ സമഭാവനയിൽ കല്പനകൾ അയയ്ക്കുവാൻ തുടങ്ങി.

ഇതുപോലെ അനധികൃതവും അവഗണനാപരവുമായ പല പ്രവൃത്തികളും പരി. കാതോലിക്കാബാവായും മലങ്കര സഭാകേന്ദ്രവും തുടർച്ചയായി ചെയ്തുകൊണ്ടിരുന്നു. അവസാനം "മാർ തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന വിശേഷണം സ്വയം ചേർത്തുകൊണ്ടുള്ള ലെറററ് പേപ്പറിൽ പരി. പാത്രിയർക്കീസ് ബാവായ്ക്ക് കല്പനകൾ അയയ്ക്കുവാൻപോലും പരി. കാതോലിക്കാബാവ മടിച്ചില്ല.

## പരി. പാത്രിയർക്കീസ്ബാവാ വിശദീകരണം ആവശ്യപ്പെട്ടു.

ഇത്രയുമായപ്പോൾ മേൽപറഞ്ഞവയെല്ലാം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് പരി. പാത്രിയർക്കീസ്ബാവാ പരി. കാതോലിക്കാബാവായ്ക്കു കല്പന അയച്ചു.

## സമത്വവാദം

പ്രസ്തുത കല്പനയ്ക്ക് ന്യായമായ മറുപടി കൊടുക്കാൻ സാധിക്കാതെ വിഷമിച്ചപ്പോഴാണ് പാത്രിയർക്കീസും കാതോലിക്കായും സമന്മാരാണെന്നും പാത്രിയർക്കീസ് പത്രോസിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോലെതന്നെ കാതോലിക്കാ മാർത്തോമ്മായുടെ സിംഹാസനത്തിൽ ഇരിക്കുന്നുവെന്നും മററും പറയാൻ തുടങ്ങിയത്. എറണാകുളം സബ്ബ് കോടതിയിൽ ഇപ്പോൾ നടക്കുന്ന കേസിൽ പരി. കാതോലിക്കാ ബാവാ കൊടുത്തിട്ടുള്ള പത്രികയിൽ ഈ വിവരം

പ്രസ്താവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകളുടെ വെപ്രാളത്തിൽ മാർ തോമാശ്ലീഹായുടെ സിംഹാസനവാദം ഉറപ്പിക്കുവാൻവേണ്ടി ബാലിശങ്ങളും അപ്രസക്തങ്ങളുമായ പല വാദഗതികളും പരി. പാത്രിയക്കീസ്ബാവായുടെ മുമ്പാകെ പരി. കാതോലിക്കാബാവാ ഉന്നയിക്കുകയുണ്ടായി.

## മാർത്തോമ്മാശ്ലീഹായുടെ പട്ടത്വം

അതുസംബന്ധിച്ച് പരി. പാത്രിയക്കീസ്ബാവാ 1970ൽ കാതോലിക്കാബാവായ്ക്കു് അയച്ചതായി പറയുന്ന വ്യക്തിപരമായ ഒരു കല്പനയെ പൊക്കിപ്പിടിച്ചുകൊണ്ട് പാത്രിയക്കീസ്ബാവാ മത്തോമ്മാശ്ലീഹായ്ക്കു് പട്ടമില്ലെന്നു എഴുതി എന്നുംമററും പറഞ്ഞു ജനങ്ങളുടെ വികാരങ്ങളെ ഇളക്കിമറിച്ച് മുതലെടുക്കാനുള്ള ഒരു ശ്രമവും ഈയിടയായി ആരംഭിച്ചിട്ടുണ്ട്. അങ്ങിനെയെങ്കിൽ സഭാസമാധാനത്തിനുശേഷം പരി. പാത്രിയർക്കീസ്ബാവായും കാതോലിക്കാബാവായും തമ്മിൽ നടത്തിയിട്ടുള്ള എല്ലാ എഴുത്തുകുത്തുകളും പ്രസിദ്ധപ്പെടുത്തട്ടെ അപ്പോൾ പല നഗ്നസത്യങ്ങളും പുറത്തേയ്ക്കുവരും. മാർത്തോമ്മാശ്ലീഹായുടെ പട്ടത്വത്തെപ്പററി പരി. പാത്രിയക്കീസ് ബാവാ ഏതു സാഹചര്യത്തിൽ എന്തു പറഞ്ഞുവെന്നും അതിൻെറ അർത്ഥവ്യാപ്തി എത്രമാത്രമുണ്ടെന്നും സാധാരണജനങ്ങൾക്കു മനസ്സിലാക്കാമല്ലോ. മാത്രമല്ല സഭയെ ബാധിക്കത്തക്കവണ്ണം നമ്മുടെ പള്ളികൾക്കു് ഔദ്യോഗികമായ കല്പന വരാത്തിടത്തോളം കാലം വ്യക്തിപരമായ കത്തിടപാടുകളെപ്പററി നാം ചിന്തിച്ചിട്ടാവശ്യമില്ലല്ലോ. നമ്മുടെ സഭയെയോ വിശ്വാസത്തെയോ ബാധിക്കുന്ന ഏതെങ്കിലും ഗൗരവാഹമായ പ്രശ്നം അതിലുണ്ടായിരുന്നെങ്കിൽ അപ്രകാരമൊരു കല്പന ഉണ്ടായ ഉടനെതന്നെ കാതോലിക്കാബാവാതിരുമേനി ഔദ്യോഗികമായി നമ്മെ അറിയിക്കുമായിരുന്നു. പ്രത്യുത ഇതുവരെയും മൗനം അവലംബിക്കുകയും ഇപ്പോൾ ഈ പ്രശ്നം പൊക്കിക്കൊണ്ടുവരികയും ചെയ്തതിൽനിന്നുതന്നെ ഇതു ദുരുദ്ദേശപരമാണെന്നു വ്യക്തമാണ്.

## ഡിലിഗേററിന് നിരോധനം

കൂടാതെ പരി. പാത്രിയക്കീസ്ബാവാ പട്ടംകൊടുത്ത് തിരുമനസ്സിലെ പ്രതിനിധിയായി അയച്ചിട്ടുള്ള അപ്രേം



മാർ തീമോത്തേയോസ് തിരുമേനിയെ, സഭാസ്നേഹികളായ നമ്മുടെ തിരുമേനിമാരുടെ നിർബ്ബന്ധപൂർവ്വമായ അപേക്ഷയേയും പരി. സുന്നഹദോസിൻെറ തീരുമാനത്തേയും അവഗണിച്ചുകൊണ്ട് ഒരു മെത്രാപ്പോലീത്ത എന്ന നിലയിൽ പോലും നമ്മുടെ പള്ളികളിൽ സ്വീകരിക്കുന്നതിനെ നിരോധിച്ച് പരി. കാതോലിക്കാബാവാ നമ്മുടെ പള്ളികൾക്കു് കല്പന അയച്ചു. ഇതു പരി. പാത്രിയക്കീസ്ബാവായോടുള്ള അവഗണനയും അനുസരണക്കുറവും ആകയാൽ ഈ നിരോധനം എത്രയുംവേഗം പിൻവലിക്കണമെന്നു് പരി. കാതോലിക്കബാവാതിരുമേനിയോട് അപേക്ഷിക്കുന്നു. ശീശ്മക്കാരായി നമ്മുടെ സഭ പരിഗണിക്കുന്ന സഭകളിലെ മെത്രാപ്പോലീത്തന്മാരെപോലും നമ്മുടെ മദ്ബഹാകളിൽ സ്വീകരിക്കുന്നതിനു് ബന്ധപ്പെടുന്ന നമ്മുടെ സഭാകേന്ദ്രം നമ്മുടെ സഭാതലവനായ പരി. പാത്രിയക്കീസ്ബാവാ പട്ടംകൊടുത്തു അയച്ച മെത്രാപ്പോലീത്തായെ സ്വീകരിച്ചുകൂടെന്നു പറയുന്നതു് വിരോധാഭാസമല്ലെ.

## സന്ദർശനം അനുവദിച്ചില്ല

പരി. പാത്രിയക്കീസ്ബാവായുടെ പ്രത്യേക പ്രതിനിധിയായി അയയ്ക്കപ്പെട്ടിട്ടുള്ള അമേരിക്കയിലെ ആർച്ച് ബിഷപ്പ് ശമുവേൽ മാർ അത്താനാസ്യോസ് തിരുമേനി കാതോലിക്കാബാവായെ സന്ദർശിക്കുന്നതിനു് നമ്മുടെ അഭിവന്ദ്യ തിരുമേനിമാർ മുഖേനയും സഭാനേതാക്കന്മാർ മുഖേനയും ശ്രമങ്ങൾ നടത്തിയെങ്കിലും സന്ദർശനം അനുവദിച്ചില്ല. ഇതാണോ അന്ത്യോഖ്യാബന്ധം?

## ചർച്ച്‌വീക്ക്‌ലിയുടെ മുന്നറിയിപ്പ്

ഇത്തരുണത്തിൽ 1971 ഡിസംബർ 5-ാംനു യിലെ ചർച്ച്‌വീക്ക്‌ലിയിൽ പത്രാധിപർ ഒരു മുന്നറിയിപ്പ് നല്കിയിട്ടുള്ളതു് ശ്രദ്ധേയമാണ്. മാർതോമാ സിംഹാസനവാദം പരുമല സിമ്മനാരിക്കാര്യത്തിൽ താല്പര്യമുള്ള ചിലർ തന്ത്രപരമായി കൊണ്ടുവരുന്ന ഒരടവാണെന്നും അതു് പരുമലക്കാര്യത്തിൽ നിന്നു് ശ്രദ്ധ പിൻതിരിപ്പിക്കുവാൻ വേണ്ടി ചിലർ ബുദ്ധിപൂർവ്വം ഉന്നയിച്ചിട്ടുള്ളതാണെന്നും അതുകൊണ്ട് ഈ പ്രശ്നംമൂലം സഭയിൽ കുഴപ്പം ഉണ്ടാകാതിരിപ്പാൻ ഉത്തരവാദിത്വമുള്ളവർ പ്രത്യേകം മുൻക

രുതൽ എട്ടക്കണമെന്നുമാണ് ചർച്ച്‌വീക്ക്‌ലി മുന്നറിയിപ്പുനല്കിയിരുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അത് അനർത്ഥമായി തീർന്നിരിക്കുന്നു.

## മാർത്തോമ്മയുടെ സിംഹാസനം

മാർത്തോമ്മാശ്ലീഹായുടെ സിംഹാസനമെന്ന് ചില എഴുത്തുകളിലും ശിലാലിഖിതങ്ങളിലും കാണുന്നുണ്ടെന്നുള്ളതാണ് സിംഹാസനവാദത്തിനനുകൂലമായി ചിലർ ഉന്നയിക്കുന്നത്. അതു ശരിയായിരിക്കാം, പക്ഷെ നിഖ്യാസൂന്നഹദോസ് ലോകത്തിന്റെ നാലുദിക്കുകളേയും ഭരിക്കുന്നതിനായി നിശ്ചയിച്ച നാലു പാത്രിയർക്കീസന്മാരുടെ സിംഹാസനങ്ങളോടു തുല്യമായ ഒരു സിംഹാസനത്തെപറ്റിയല്ല പ്രസ്തുത രേഖകളിൽ വിവക്ഷിക്കുന്നത്. പരി. പിതാക്കന്മാർ പത്രോസിന്റെ സിംഹാസനത്തോടു തുല്യമായ ഒരു സിംഹാസനം മാർത്തോമ്മായ്ക്കു നൽകുവാൻ ആഗ്രഹിച്ചിട്ടില്ല എന്നുള്ളതു് സ്പഷ്ടമാണ്. അന്ത്യോഖ്യാപാത്രിയർക്കീസിന്റെ സിംഹാസനം നിഖ്യാസൂന്നഹദോസിൽ ത്രുപം കൊണ്ടതും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടേയും മേൽ അധികാരമുള്ളതുമാണ്. പരമ്പരാഗതമായി എപ്പിസ്കോപ്പന്മാരേയും മെത്രാപ്പോലീത്തമാരേയും കാതോലിക്കായെതന്നെയും വാഴിക്കുവാൻ അധികാരമുള്ള പാത്രീയർക്കീസാണ് അതിന്മേൽ വാഴുന്നത്. എന്നാൽ മാർത്തോമ്മായുടെ സിംഹാസനമെന്ന് പറയുന്നിടത്തു് മെത്രാപ്പോലീത്താമാരോ അക്കദിയാക്കോന്മാരോ മാത്രം വാണിരുന്നതായിട്ടാണ് പറയുന്നത്. ഇതേഅർത്ഥത്തിലുള്ള സിംഹാസനം എല്ലാ മെത്രാപ്പോലീത്തന്മാർക്കും ഉണ്ട്. ബ. കോനാട്ടു മല്പാനച്ചന്റെ ലേഖനത്തിൽ ഇതു വിശദീകരിച്ചിട്ടുണ്ട്. കുറെക്കൂടി വ്യക്തമായി പറഞ്ഞാൽ ഈ അർത്ഥത്തിലുള്ള സിംഹാസനങ്ങൾ വൈദീകർക്കുമുണ്ട്. അൽമായക്കാർക്കും സിംഹാസനമുണ്ട് (വെളിപാട് 3:21). രാജാക്കന്മാർക്കുമുണ്ട് സിംഹാസനം. സിംഹാസനമെന്ന വാക്കിനല്ല പ്രാധാന്യം. അധികാരപരിധിക്കനുസരണമായിട്ടാണ് സിംഹാസനമെന്ന വാക്കിന്റെ അർത്ഥവ്യാപ്തി. മേൽപറഞ്ഞ സിംഹാസനങ്ങളും വി. പത്രോസിന്റേതായ അന്ത്യോഖ്യാസിംഹാസനവും തമ്മിൽ യാതൊരു സാമ്യവുമില്ല.



നിഖ്യാസൂന്നഹദോസിൽ നിശ്ചയിച്ച നാലു് പാത്രിയർക്കീസന്മാരുടെ സിംഹാസനങ്ങളോടു് തുല്യമായ ഒരു സിംഹാസനം മാർത്തോമ്മാശ്ലീഹാക്കുണ്ടായിരുന്നെങ്കിൽ അതു നിഖ്യാസൂന്നഹദോസിന്റെ തീരുമാനങ്ങളിൽ പറയുമായിരുന്നു. അതിനുപകരം ഇന്ത്യ ഉൾപ്പെടുന്ന കിഴക്കിന്റെ അധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണ് നിശ്ചയിച്ചുകൊടുത്തതു്. മാർത്തോമ്മാക്കു അപ്രകാരമൊരു സിംഹാസനം ഉണ്ടായിരുന്നെങ്കിൽ ആ സിംഹാസനത്തിൽ പരമ്പരാഗതമായി പാത്രിയർക്കീസിനേയോ കാതോലിക്കായേയോ കാണുമായിരുന്നു. അങ്ങനെയൊരു പാരമ്പര്യം മാർത്തോമ്മായിക്കുള്ളതായി ആരും അവകാശപ്പെടുന്നില്ല. മാർത്തോമ്മാശ്ലീഹ ഏതെങ്കിലും മെത്രാപ്പോലീത്തന്മാരെ വാഴിച്ചതായി ചരിത്രം പറയുന്നുമില്ല.

ആദ്യകാതോലിക്കാമാരുടെ ആസ്ഥാനമായിരുന്ന തെഗ്രീസിൽ മാർത്തോമ്മായുടെ സിംഹാസനം ഉണ്ടായിരുന്നതായി കാണുന്നില്ല. റാക്കാട്ട് പള്ളിയുടെ കിഴക്കേ ഭിത്തിയിൽ എഴുതിയിരിക്കുന്ന രേഖയിൽ 1857ൽ മലങ്കരയിലുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ യുയാക്കിം മാർ കുറീലോസ് മെത്രാപ്പോലീത്താ വാണിരുന്നതായി പറയുന്നു. (ഇതു സംബന്ധിച്ചുള്ള വിശദീകരണം പിന്നാലെ ചേർത്തിട്ടുണ്ട്). ആ സ്ഥിതിക്ക് അന്ന് തെഗ്രീസിലെ കാതോലിക്കാമാർത്തോമ്മായുടെ സിംഹാസനത്തിൽ വാണിരുന്നുവെന്നു വിചാരിക്കാൻ അവകാശമില്ല. ഒരു ശ്ലീഹാക്ക് മെത്രാപ്പോലീത്തായുടെ സിംഹാസനവും കാതോലിക്കായുടെ സിംഹാസനവും ഉണ്ടാകുകയില്ലല്ലോ. അന്ത്യോഖ്യായിലെ വി. പത്രോസിന്റെ സിംഹാസനത്തിൽ പാത്രിയർക്കീസന്മാരല്ലാതെ മെത്രാപ്പോലീത്തന്മാർ വാണതായി പറയുന്നില്ലല്ലോ. 1912ൽ തെഗ്രീസിലെ സിംഹാസനം മലങ്കരയിലേക്ക് മാററിസ്ഥാപിച്ചുവെന്നും അതിന്മേലാണ് മലങ്കരയിലെ കാതോലിക്കാമാർ വാഴുന്നതെന്നും പറയുന്നു. അങ്ങനെയെങ്കിൽ അതു തോമായുടെ സിംഹാസനമാകുന്നില്ലല്ലോ.

ഹൂദായകാനോൻ 7-ാം അദ്ധ്യായത്തിൽ "പൗരസ്ത്യദേശം മുഴവനിലും അധികാരമുള്ള അന്ത്യോഖ്യാപാത്രിയർക്കീസ്" എന്ന് അന്ത്യോഖ്യാപാത്രിയർക്കീസിനെപററി

പറയുന്നുണ്ട്. വീണ്ടും അതിനുതാഴെ പറയുന്നഭാഗം നോക്കാം. "പൗരസ്ത്യദേശത്തെ വലിയ മെത്രാപ്പോലീത്താക്ക് ഇനിമേലാൽ പാത്രിയർക്കീസിനെപോലെ പൗരസ്ത്യദേശത്ത് മെത്രാപ്പോലീത്തന്മാരെ വാഴിക്കാനുള്ള അധികാരം നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹം കാതോലിക്കാ എന്ന് പ്രസ്ഥാവിക്കപ്പെടുകയും ചെയ്യണം........................ സൂന്നഹദോസിൽ അദ്ദേഹം സന്നിഹിതനാകുമ്പോൾ എല്ലാ മെത്രാപ്പോലീത്തന്മാരുടെയും മേലായി ഊർശ്ലേം പാത്രിയർക്കീസിനോടുകൂടെ ഇരിപ്പിടം നൽകണം" എന്നു കാണുന്നു. ഈ ഊർശ്ലേം പാത്രിയർക്കീസ് പീലിപ്പോസിന്റെ കേസറിയായിലെ മെത്രാപ്പോലീത്തായുടെ അധികാരത്തിന് വിധേയനായിരിക്കണമെന്ന് കാണുന്നു. അതിൽനിന്ന് മറു നാലു പാത്രിയർക്കീസന്മാരെ പോലെ ഭരണാധികാരമുള്ള പാത്രിയർക്കീസല്ലെന്നും ബഹുമതിയായിമാത്രം നല്കപ്പെട്ട ഒരു സ്ഥാനമാണെന്നും (ഊർശ്ലേമിന്റെ പ്രാധാന്യത്തെ കരുതി മാത്രം) ആ പാത്രിയർക്കീസിനോടുകൂടെ മാത്രമാണ് കാതോലിക്കാക്ക് സ്ഥാനമെന്നും തെളിവാണ്. ആ സ്ഥിതിക്ക് കാതോലിക്കാ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ മേലധികാരത്തിന് കീഴാണെന്നും ഇരുവരും സമന്മാരല്ലെന്നും വ്യക്തമാണ്. ഇതിനു വിപരീതമായ ഒരു വാദഗതി മലങ്കര സഭാകേന്ദ്രം സ്വീകരിക്കുന്നപക്ഷം അതു സത്യവിരുദ്ധവും വിശ്വാസവിപരീതവുമാണ്. പത്രോസിന്റെ സിംഹാസനത്തോട് തുല്യമായ ഒരു സിംഹാസനം മാർത്തോമ്മാ ശ്ലീഹാക്ക് ഇന്ത്യയിൽ ഉണ്ടായിരുന്നെങ്കിൽ അതു് സഭാഭരണഘടനയിൽ പറയുമായിരുന്നു. ആകമാന ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാനമേലദ്ധ്യക്ഷൻ പാത്രിയർക്കീസും അതിന്റെ ഒരു വിഭാഗമായ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായുമാണെന്നു മാത്രമേ കാതോലിക്കാവിഭാഗം തനിച്ച് ഉണ്ടാക്കിയ ഭരണഘടനയിൽ പോലും പറയുന്നുള്ളു. അവിടെ സമം എന്ന ഒരു വാക്കുപോലും കാണുന്നില്ല. മർത്തോമ്മാക്ക് ഒരു സിംഹാസനം ഉള്ളതായും പറയുന്നില്ല.

മാത്രമല്ല ബ. കോനാട്ടുമല്പാനച്ചൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഹൂദായ കാനോൻ അനുബന്ധം 9-ാം പേജിൽ "അദ്ദേഹം (കാതോലിക്കാ) അന്ത്യോഖ്യാ പാത്രിയർക്കീസി



നെ അനുസരിക്കണം. തന്റെ മേലാവിനെ ധിക്കരിക്കയുമരുത്" എന്നു കാണുന്നു.

മേല്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽനോക്കുമ്പോൾ ഈ സിംഹാസനവാദം പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേൽക്കോയ്മയിൽ നിന്ന് മലങ്കരസഭയെ വേർപെടുത്തി ഒരു സ്വതന്ത്രസഭയാക്കാനുള്ള ദുരുദ്ദേശപരമായ ഒരു നീക്കമാണെന്നുള്ളതിന് സംശയമില്ല. ഇതല്ല ഉദ്ദേശമെങ്കിൽ സഭാകേന്ദ്രം അതു തുറന്നുപറഞ്ഞു സംശയനിവാരണം വരുത്തട്ടെ !!

## സഭാഭരണഘടന സ്വീകാര്യമല്ല

"പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ മേൽക്കോയ്മയിൻകീഴ് ഉൾഭരണസ്വാതന്ത്ര്യമുള്ള ഒരു മലങ്കരസഭയാണ്" നാം ആഗ്രഹിക്കുന്നതു്. രണ്ടുവിഭാഗമായി നിന്ന കാലത്ത് ഒരു വിഭാഗക്കാർ മാത്രം തയ്യാറാക്കിയ ഭരണഘടന യോജിപ്പിനുശേഷം ഇരുവിഭാഗക്കാരും ചേർന്ന് പുതുക്കി എഴുതി അംഗീകരിക്കേണ്ടതു കേവലം ന്യായം മാത്രമാണ്. ഇതിനുവേണ്ടി പള്ളികൾക്ക് കല്പന അയച്ച് സ്വീകരിച്ച ഭേദഗതിനിർദ്ദേശങ്ങൾ നാളിതുവരെ വെളിച്ചം കാണാത്തതു് എന്തുകൊണ്ടാണെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? മാത്രമല്ല പാത്രിയർക്കീസ്ബാവായെ സംബന്ധിക്കുന്ന വകുപ്പുകൾക്ക് പാത്രിയർക്കീസുബാവായുടെ അറിവും സമ്മതവും വേണ്ടതും അവ പാത്രിയർക്കീസ് ബാവായുടെ അറിവും സമ്മതവും കൂടാതെ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുമായിരിക്കണം. വേറെയും പല അപാകതകൾ ഉണ്ട്. ആ നിലയിൽ ഇന്നത്തെ ഭരണഘടന തികച്ചും അപര്യാപ്തവും അസ്വീകാര്യവുമാണ്.

## വർക്കിംഗ് കമ്മററി നിശ്ചയം

10-7-71ൽ മലങ്കര സഭാവർക്കിംഗ് കമ്മിററി കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടി "മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന് കല്പനകളിൽ ചേർക്കേണ്ടതില്ലെന്ന് ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുള്ളതാണ്. യാതൊരു ഉദ്ദേശവും കൂടാതെ വർക്കിംഗ് കമ്മററി ഐകകണ്ഠ്യേന ഇങ്ങിനെ ഒരു നിശ്ചയം പാസ്സാക്കുമോ? ആ തീരുമാനത്തെ അവഗണിച്ചുകൊണ്ടാണ് 24-8-72ൽ കൂടിയ മാനേജിംഗ് കമ്മിററിക്കുള്ള ക്ഷണകല്പനയിൽ മേൽപ്രകാരം ചേർത്തതു്.

## റാക്കാട്ട് പള്ളിഭിത്തിയിലെ സുറിയാനി ലിഖിതവും മാർത്തോമ്മാ സിംഹാസനവും

റാക്കാട്ട് പള്ളിയുടെ കിഴക്കേഭിത്തിയിൽ ഉല്ലേഖനം ചെയ്തിട്ടുള്ളതായി പറയുന്ന സുറിയാനി ലിഖിതം, പൗരസ്ത്യ കാതോലിക്കാ, മാർത്തോമ്മായുടെ സിംഹാസനത്തിൽ ഇരിക്കുന്നുവെന്നുള്ളതിനു തെളിവായി കാതോലിക്കാബാവാ നിരണംപള്ളിയിൽ ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പ്രസക്തഭാഗം പരി. കാതോലിക്കാബാവായുടെ പ്രസ്താവനയിൽനിന്ന് താഴെ ഉദ്ധരിക്കുന്നു. "യാക്കോബ് രണ്ടാമനായ മോറാൻമോർ ഇഗ്നാത്തിയോസ് പാത്രിയക്കീസ്ബാവായുടെയും ബഹനാം മപ്രിയാനായാകുന്ന ബസ്സേലിയോസ് ബാവായുടെയും മലങ്കരയിലുള്ള തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന യൂയാക്കീം ആയ മാർ കൂറിലോസിന്റെയും നാളുകളിൽ മിശിഹാ കാലം 1857ൽ വലിയ നോമ്പിന്റെ മദ്ധ്യമായ മീനമാസം 13-ാം തീയതി അഞ്ചാം പാത്രിയക്കീസായ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ ഉറഹായക്കാരൻ അബ്ദേദ് നഹറോ ആകുന്ന മാർ ഗ്രീഗോറിയോസ് ഈ പള്ളിയിൽ എത്തി." മേൽപറഞ്ഞ രേഖയുടെ സാഹചര്യം നാം മനസ്സിലാക്കുമ്പോൾ ഇതിലെ പലപരമാർത്ഥങ്ങളും നമുക്കു ഗ്രഹിക്കുവാൻ സാധിക്കും

ഇതിൽപറയുന്ന ഇഗ്നാത്തിയോസ് അന്ത്യോഖ്യായുടെ പാത്രിയക്കീസും ബസ്സേലിയോസ് തെഗ്രീസിന്റെ കാതോലിക്കായുമാണ്. യൂയാക്കീം മാർ കൂറീലോസ് അന്ത്യോഖ്യാ പാത്രിയക്കീസിന്റെ മലങ്കരയിലെ പ്രതിനിധിയും ഗ്രീഗോറിയോസ് ഊർശ്ലേമിന്റെ പാത്രിയക്കീസുമാണ്. മലങ്കരയിലെ ചേപ്പാട്ട മാർ ദീവന്നാസ്യോസ് അന്നു ജീവിച്ചിരിപ്പുണ്ട്. മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ മലങ്കര സഭയുടെ സമ്മതംകൂടാതെ കൃത്രിമമാർഗ്ഗങ്ങൾ ഉപയോഗിച്ച് അന്ത്യോഖ്യാ പാത്രിയക്കീസിൽനിന്ന് മെത്രാൻ പട്ടംഏററു വന്നപ്പോൾ മലങ്കരസഭ അദ്ദേഹത്തെ സ്വീകരിക്കാതെ അഭിപ്രായ ഭിന്നത ഉണ്ടായ അവസരത്തിൽ ആയതിനെപ്പററി അന്വേഷിക്കുവാൻ പരി. പാത്രിയക്കീസ് ബാവായാൽ അയയ്ക്കപ്പെട്ട ദേഹമാണ് മുൻപറഞ്ഞ ഊർശ്ലേം പാത്രിയക്കീസ്.



ഈ സാഹചര്യത്തിൽ എഴുതപ്പെട്ടതായി പറയുന്ന മേൽപറഞ്ഞ രേഖയിൽനിന്ന് താഴെപറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു

1. 1857ൽ മാർ തോമായുടെ സിംഹാസനം ഇൻഡ്യയിലുണ്ട്.

2. അതൊരു മെത്രാപ്പോലീത്തായുടെ സിംഹാസനം മാത്രമാണ്.

3. നാട്ടുമെത്രാനായ ചേപ്പാട്ട മാർ ദീവന്നാസ്യോസ് ജീവിച്ചിരുന്നിട്ടും അതിന്മേൽവാണിരുന്നതു് അന്ത്യോഖ്യാ പാത്രിയക്കീസിന്റെ പ്രതിനിധിയായ യൂയാക്കീം മാർ കൂറീലോസ് മെത്രാപ്പോലീത്തായാണ്.

4. അങ്ങനെയെങ്കിൽ ഇന്നത്തെ അന്ത്യോഖ്യാപ്രതിനിധിയാണല്ലോ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ അധിപനും അവകാശിയും ആയിരിക്കേണ്ടതു്.

5. മാർത്തോമ്മായുടെ സിംഹാസനം ഒരു മെത്രാപ്പോലീത്തായുടെ സിംഹാസനമായിരുന്ന സ്ഥിതിക്ക് തെഗ്രീസിൽ കാതോലിക്കാ മാർത്തോമ്മായുടെ സിംഹാസനത്തിൽ വാണിരുന്നുവെന്നു പറയുന്നതു് ശരിയല്ല. വി. പത്രോസിന്റെ സിംഹാസനം ചിലപ്പോൾ പാത്രിയക്കീസിന്റെയും ചിലപ്പോൾ മെത്രാപ്പോലീത്തായുടെയും സിംഹാസനമാകുന്നില്ലല്ലോ.

6. 1912ൽ അബ്ദൽമ്ശീഹാ തെഗ്രീസിന്റെ സിംഹാസനം മലങ്കരയിലേയ്ക്കു് മാററി സ്ഥാപിച്ചുവെന്നും (ശരിയായ പാത്രിയക്കീസാണെങ്കിൽപോലും ഒരു സിംഹാസനം മറെറാരു സ്ഥലത്തേയ്ക്കു് മാററി സ്ഥാപിക്കുവാൻ പരി. സുന്നഹദോസിന്റെ നിശ്ചയം കൂടാതെ ഒരു പാത്രിയക്കീസിനു തനിച്ച് അധികാരമുണ്ടോ?) അതിന്മേലാണ് ആദ്യകാതോലിക്കാ വാണിരുന്നതെന്നും - തുടർന്ന് ഇപ്പോഴത്തെ കാതോലിക്കായും അതിന്മേലാണ് വാഴുന്നതു് എന്നുമാണ് പരി. കാതോലിക്കാബാവാ അവകാശപ്പെടുന്നതു്. അങ്ങനെയെങ്കിൽ മലങ്കരയിലെ കാതോലിക്കാസിംഹാസനം മാർത്തോമ്മാശ്ലീഹായുടേതാണെന്നു പറയുന്നതിനർത്ഥമില്ല. മലങ്കരയിൽ മാർത്തോമ്മായ്ക്കു സിംഹാസനമുണ്ടായിരുന്നെങ്കിൽ പിന്നെ തെഗ്രീസിൽനിന്ന് സിംഹാസനം ഇങ്ങോട്ട് മാററിയതെന്തിനാണ്? ആസ്ഥിതിക്ക് ഇപ്പോൾ മലങ്കര

യിൽ തോമാശ്ലീഹായുടെ രണ്ടു സിംഹാസനമുണ്ടായിരിക്കണമല്ലോ. അതെവിടെ?

7. യൂയാക്കീം മാർ കൂറിലോസ് വാണിരുന്ന മാർ തോമായുടെ സിംഹാസനമാണ് കാതോലിക്കാക്ക് കിട്ടിയതെങ്കിൽ അതു് അന്ത്യോഖ്യാപാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു മെത്രാപ്പോലീത്തായുടെ സിംഹാസനം മാത്രമാണല്ലോ.

(ഇ. എം. പീലിപ്പോസിന്റെ സഭാചരിത്രത്തിലും മററുപല ചരിത്രരേഖകളിലും കാണുന്നതായി പറയുന്ന മലങ്കരയിലെ സിംഹാസനം മേൽപറഞ്ഞ മെത്രാപ്പോലീത്തായുടെ സിംഹാസനം മാത്രമാണ്. അതിനു് അന്ത്യോഖ്യാ സിംഹാസനവുമായി യാതൊരു സാമ്യവുമില്ല. പ്രത്യുത അന്ത്യോഖ്യാസിംഹാസനത്തിന്റെ മേൽക്കോയ്മയിൻ കീഴുള്ളതാണ്.)

## മെമ്മോറാണ്ടം

സംഗതികളുടെ സത്യാവസ്ഥ മേൽപ്രകാരമായിരിക്കെ അവയെ മറച്ചുവെച്ചുകൊണ്ടു് പരി. പത്രോസ്ശ്ലീഹായുടെ അന്ത്യോഖ്യായിലെ സിംഹാസനത്തോടു സമമായി മലങ്കരയിൽ പരി. തോമാശ്ലീഹായുടെ ഒരു സിംഹാസനമുണ്ടെന്നും അതിന്മേലാണ് താൻ ഇരിക്കുന്നതെന്നും അന്ത്യോഖ്യൻ സഭയും മലങ്കര സഭയും സഹോദരീസഭകളാണെന്നും പരി. പാത്രിയർക്കീസുമായി ഒരു സൗഹാർദ്ദബന്ധം മാത്രമാണ് മലങ്കരസഭയ്ക്കുള്ളതെന്നും മലങ്കരസഭ ഒരു സ്വതന്ത്രസഭയാണെന്നും മററും കാതോലിക്കാബാവാ പ്രസ്താവിക്കുകയും പരി. അന്ത്യോഖ്യാപാത്രിയർക്കീസ്ബാവാ പട്ടം കൊടുത്തയച്ച അന്ത്യോഖ്യാ പ്രതിനിധി അഭി. മാർ തീമോത്തെയോസ് മെത്രാപ്പോലീത്തായെ നമ്മുടെ പള്ളികളിൽ സ്വീകരിക്കുന്നതിനെ നിരോധിച്ച് കല്പന അയയ്ക്കുകയുംമററും ചെയ്തപ്പോൾ മലങ്കരസഭയെ പരി. അന്ത്യോഖ്യാസിംഹാസനവുമായുള്ള ബന്ധത്തിൽനിന്നു് നിശ്ശേഷം വേർപെടുത്തി ഒരുപൂർണ്ണസ്വതന്ത്രസഭയാക്കുന്നതിനുള്ള മേല്പറഞ്ഞ നീക്കങ്ങളെ പ്രതിഷേധിച്ചും നമ്മുടെ ഭദ്രാസനത്തോടും മുൻ പാത്രിയർക്കീസ്പക്ഷത്തു നിന്നിരുന്ന വടക്കൻ ഇടവകകളോടു പൊതുവേയും കാണിക്കുന്ന അവഗണനകളെ ചൂണ്ടിക്കാണിച്ചും അവയ്ക്കു പരിഹാരമുണ്ടാക്കണമെന്നു് അ



ഭ്യർത്ഥിച്ചുംകൊണ്ടു് അങ്കമാലി ഭദ്രാസനത്തിലെ സഭാമാനേജിംഗ് കമ്മിററി അംഗങ്ങളും ഭദ്രാസന കൗൺസിൽ അംഗങ്ങളും ഒററക്കെട്ടായി നിന്നുകൊണ്ടു് ഒരു മെമ്മോറാണ്ടം തയ്യാറാക്കി 1-7-1972ൽ പരി. കാതോലിക്കാബാവായ്ക്കു സമർപ്പിച്ചു. അതിനു യാതൊരു മറുപടിയോ പരിഗണനയോ നൽകിയില്ലെന്നു മാത്രമല്ല അതിനൊരു വെല്ലുവിളിയെന്നോണം 24-8-72ൽ കൂടിയ സഭാമാനേജിംഗ് കമ്മിററിക്കു അയച്ച ക്ഷണകല്പനയിൽ കീഴ്നടപടികൾക്കും 10-7-71ലെ വർക്കിംഗ് കമ്മിററിനിശ്ചയത്തിനും വിരുദ്ധമായി "മർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന വിശേഷണം ചേർക്കുകയുണ്ടായി. ഇതുസംബന്ധിച്ചു് മാനേജിംഗ് കമ്മിററിയിൽ ഉന്നയിച്ച നിയമപ്രശ്നം ന്യായമായ സമാധാനം പറയാതെ പരി. കാതോലിക്കാബാവ റൂളൗട്ട് ചെയ്തതിനെ പ്രതിഷേധിച്ചു് അങ്കമാലി ഭദ്രാസനത്തിലെ മാനേജിംഗ് കമ്മിററി അംഗങ്ങൾ എല്ലാവരും മററുള്ളവരോടൊപ്പം മാനേജിംഗ് കമ്മററിയിൽനിന്നു് വാക്കൗട്ട് നടത്തി പ്രതിഷേധം രേഖപ്പെടുത്തി. അതിനെതുടർന്നു് അങ്കമാലി ഭദ്രാസനത്തിലെ മാനേജിംഗ്കമ്മിററി അംഗങ്ങളും ഭദ്രാസനകൗൺസിൽ അംഗങ്ങളും ഒരുമിച്ചുകൂടി മെമ്മോറാണ്ടത്തിനു് ന്യായമായ പ്രതികരണം ഉണ്ടാകുന്നതുവരെ കേന്ദ്രത്തിൽനിന്നുള്ള കല്പനകൾ പള്ളികളിൽ വായിക്കാതിരിക്കുക, കേന്ദ്രത്തിലേക്കു് യാതൊരുവിധ പണപ്പിരിവും കൊടുക്കാതിരിക്കുക എന്നിങ്ങനെ കേന്ദ്രവുമായി പൂർണ്ണനിസ്സഹകരണം അനുഷ്ഠിക്കുന്നതിനു് ഐകകണ്ഠ്യേന തീരുമാനം എടുത്തിട്ടുള്ളതായി അറിയുന്നു.

## അനുമോദനവും പിൻതുണയും

നമ്മുടെ പൂർവ്വികന്മാരുടെ വിശ്വാസത്തേയും നമ്മുടെ ഭദ്രാസനത്തിന്റെ പൂർവ്വികമായ പാരമ്പര്യങ്ങളേയും ആദരിച്ചുകൊണ്ടും അവയെ പരിരക്ഷിക്കുന്നതിനുവേണ്ടിയും നമ്മുടെ മാനേജിംഗ്കമ്മിററി അംഗങ്ങളും ഭദ്രാസനകൗൺസിൽ അംഗങ്ങളും ഐകകണ്ഠ്യേന സ്വീകരിച്ചിട്ടുള്ള ഉചിതമായ നടപടികൾക്കും സുധീരമായ നിലപാടിനും പിൻതുണ പ്രഖ്യാപിക്കുന്നതോടൊപ്പം അവരെ അനുമോദിക്കുകയുംചെയ്തുകൊള്ളുന്നു.

## വിദേശിവിദ്വേഷം

ശീമക്കാർ വിദേശികളാണെന്നും ഇന്ത്യയിലെ സഭക്ക് അവരുമായുള്ള ബന്ധം ആവശ്യമില്ലെന്നും ഇന്ത്യയിലെ സഭ പൂർണ്ണസ്വതന്ത്രമായിരിക്കണമെന്നും ചിലർ കരുതുന്നു. പക്ഷേ ഇതുപറയുന്നവർ യേശുക്രിസ്തുവും, വി. തോമാശ്ലീഹായും, കന്യകമറിയവും നമ്മുടെ തുബ്ദേനകളിൽ പറയുന്ന പല പരിശുദ്ധന്മാരും വിദേശികളാണെന്നുള്ള കാര്യം വിസ്മരിക്കരുത്. മലങ്കരസഭക്ക് പൗരോഹിത്യപിൻതുടർച്ചയില്ലാതെ അനാഥയായി സ്ഥിതിചെയ്തിരുന്ന അവസരത്തിൽ ക്ലേശങ്ങൾസഹിച്ച് മലങ്കരയിൽ വന്ന് നമ്മുടെ സഭയേയും വിശ്വാസത്തേയും നിലനിർത്തി സഭക്കുവേണ്ടി ജീവാർപ്പണം ചെയ്ത ശീമക്കാരായ പിതാക്കന്മാരെ നാം വിസ്മരിക്കുന്നതു് നന്ദികേടും അനുഗ്രഹക്കുറവുമാണ്. മാർപ്പാപ്പയുടെ വിദേശമേധാവിത്വംകൊണ്ട് ഇന്ത്യയിലെ റോമൻകത്തോലിക്കാസഭയ്ക്ക് എന്തു ദോഷമാണ് സംഭവിച്ചിട്ടുള്ളതു് എന്ന് ഈ അവസരത്തിൽ ചിന്തിക്കുന്നതു് കൊള്ളാം.

## അഭ്യർത്ഥന

അല്ലയോവിശ്വാസികളെ, അന്ത്യശ്വാസംവരേയും പരി. അന്ത്യോഖ്യാ സിംഹാസനത്തിനുവേണ്ടി പോരാടിയ വിശ്വാസസംരക്ഷകൻ എന്ന് അപരനാമധേയമുള്ള നമ്മുടെ വാത്സല്യപിതാവായ കാലംചെയ്ത പൗലോസ്മാർ അത്താനാസ്യോസ് വലിയതിരുമേനിയുടെയും അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന കാലംചെയ്ത ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്തിരുമേനിയുടെയും മക്കളാണല്ലോ നാം. അവർ നമുക്ക് കാണിച്ചുതന്നിട്ടുള്ള സത്യവിശ്വാസത്തിന്റെ മാർഗ്ഗത്തിൽ നാം ഉറച്ചുനിൽക്കണം. പരി. അന്ത്യോഖ്യാസിംഹാസനത്തിനും പരി. പാത്രിയർക്കീസ്ബാവാക്കും എതിരായ ഏതുനീക്കത്തേയും നാം ശക്തിയുക്തം നേരിടണം. മലങ്കരസഭയെ പരി. അന്ത്യോഖ്യാസിംഹാസനവുമായിട്ടുള്ള ബന്ധത്തിൽനിന്നു വേർപെടുത്തി ഒരു സ്വതന്ത്രസഭയാക്കാനുള്ള നീക്കങ്ങൾ എവിടെനിന്നുണ്ടായാലും നമുക്ക് അതിനോട്ട് അനുകൂലിക്കുവാൻ നിവൃത്തിയില്ല. "പരി. അന്ത്യോഖ്യാപാത്രിയർക്കീസിന്റെ ആത്മീയമേല്ക്കോയ്മയിൻകീഴ് ഉൾഭരണസ്വാതന്ത്ര്യമുള്ള ഒരു മലങ്കരസഭ"



യെയാണ് നമ്മുടെപിതാക്കന്മാർ വിഭാവനം ചെയ്തിരുന്നതു്. നമ്മുടെ സഭക്കുവേണ്ടി ക്ലേശങ്ങൾസഹിച്ചും രക്തം ചിന്തിയും ജീവാർപ്പണം ചെയ്തിട്ടുള്ള പരി. പിതാക്കന്മാരോടുനാം എന്നും കൂറുള്ളവരായിരിക്കണം. അവരോടു നന്ദികേടുകാണിച്ചാൽ നമ്മുടെ പൂർവ്വീകന്മാർ നമ്മോടു ക്ഷമിക്കയില്ല. സത്യവിശ്വാസത്തെപ്രതി നമ്മുടെ പൂർവ്വീകന്മാർ സഹിച്ചിട്ടുള്ളക്ലേശങ്ങൾ നമ്മെ ധൈര്യപ്പെടുത്തണം. നമ്മുടെ പിതാക്കന്മാരുടെ പിന്നടികളിൽനിന്ന് അണുപോലും വ്യതിചലിക്കുകയില്ലെന്നു നാം ദൃഢനിശ്ചയം ചെയ്യണം. സഭയിൽ ഒരു പിളർപ്പുണ്ടാക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. സഭയിൽ സമാധാനം നിലനിർത്തുവാൻ ആത്മാർത്ഥമായി നാം പരിശ്രമിക്കണം. നമ്മുടെ മാനേജിംഗ്കമ്മിററി അംഗങ്ങളും ഭദ്രാസനകൗൺസിൽ അംഗങ്ങളും സ്വീകരിച്ചിട്ടുള്ള ഉചിതമായ നടപടികൾക്കും സുധീരമായ നിലപാടിനും 9-12-72ൽ കൂടുന്ന നമ്മുടെ ഭദ്രാസനയോഗം ഒററക്കെട്ടായിനിന്ന് പിന്തുണ പ്രഖ്യാപിക്കണം. കേസിനോ വ്യവഹാരങ്ങൾക്കോ വഴിതെളിയ്ക്കാതെ മുൻപാത്രിയർക്കീസ്പക്ഷത്തുനിന്നിരുന്നവരും ഈ അഭിപ്രായങ്ങളോടു യോജിക്കുന്നവരുമായ എല്ലാവരും സഭയ്ക്കുള്ളിൽ ഒററക്കെട്ടായിനിന്നുകൊണ്ട് ന്യായമായ നമ്മുടെ അവകാശങ്ങൾ ശാന്തവുംസമാധാനപരവുമായ മാർഗ്ഗങ്ങളിൽക്കൂടി നാം നേടിയെടുക്കണം. ആയതിനു് ദൈവം നമ്മെ സഹായിക്കട്ടെ.

## പരി. കാതോലിക്കാബാവാ തിരുമേനിയോട് ഒരഭ്യർത്ഥന

അല്ലയോബാവാതിരുമേനി, അവിടന്ന് ഭാഗ്യവാനാണെന്ന് ഞങ്ങൾ കരുതിയിരുന്നു. കാരണം? യോജിച്ച സഭയിൽ ആദ്യത്തെ കാതോലിക്കായായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെടുവാനും വാഴിക്കപ്പെടുവാനും അവിടുത്തേയ്ക്ക് ഭാഗ്യമുണ്ടായി. നാലുപ്രാവശ്യം പരി. അന്ത്യോഖ്യാ പാത്രിയർക്കീസ്ബാവയിൽനിന്നും കൈവെപ്പ് ലഭിച്ച ഒരു തിരുമേനിയും മലങ്കരയിൽ ഉണ്ടായിട്ടില്ല. അവിടത്തേയ്ക്ക് ആ ഭാഗ്യവും സിദ്ധിച്ചു. എന്നാൽ പാൽതന്ന കൈയ്ക്ക് കടിക്കുവാൻ അവിടത്തേയ്ക്ക് മനസ്സുവന്നതു് നിർഭാഗ്യകരമായിപ്പോയി. അവിടത്തെ ഈ വൃദ്ധതയിൽ സഭയിൽ ഒരു ഭിന്നതയ്ക്കിടവരുന്നതും അവിടത്തേയ്ക്ക് ഭൂഷണമാണോ? സമാധാനമുണ്ടാക്കുന്നവരല്ലെ ഭാഗ്യവാന്മാർ? നമ്മു

ടെ പൂർവ്വപിതാക്കന്മാർ അറിഞ്ഞിട്ടില്ലാത്ത ഒരു സിംഹാസനത്തിൽ ആരൂഢനായില്ല എന്നുവച്ച് അവിടത്തേയ്ക്കോ നമ്മുടെ സഭയ്ക്കോ എന്തെങ്കിലും കുറവുസംഭവിക്കാനുണ്ടോ? തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയ നമ്മുടെ കർത്താവിന്റെ പിൻഗാമിയല്ലയോ അവിടുന്ന്?. ദുശ്ശാഠ്യവും, പിടിവാശിയും കളഞ്ഞ് സമാധാനത്തിന്റെ പ്രഭുവായ നമ്മുടെ കർത്താവിനെ ഓർത്ത്, അവിടത്തെ തലയിൽ കൈവെച്ച പിതാക്കന്മാരോടു കൂറും നന്ദിയും പുലർത്തി, സഭയെ സമാധാനത്തിൽ നയിച്ച്, മനഃസമാധാനത്തോടുകൂടി അവിടത്തേയ്ക്ക് ശവക്കല്ലറയിലേയ്ക്കിറങ്ങരുതോ? അങ്ങനെ ഭാഗ്യവാന്മാരുടെ പട്ടികയിൽ എണ്ണപ്പെടരുതോ? അധികാരത്തിന്റേയും പ്രതാപത്തിന്റേയും താൽക്കാലികമായ സിംഹാസനത്തിനുവേണ്ടിയുള്ള നിരർത്ഥകമായ വാദം ഉപേക്ഷിച്ച് നമ്മുടെ കർത്താവിന്റെ പിൻഗാമി എന്ന നിലയിൽ നമ്മുടെ കർത്താവിന്റെ സിംഹാസനമാകുന്ന കുരിശിനെ അവിടത്തെ സിംഹാസനമായി സ്വീകരിച്ച്, താഴ്മയും എളിമയും ധരിച്ച്, വരുവാനുള്ള ലോകത്തിൽ മഹത്വത്തിന്റെ നിത്യസിംഹാസനം പ്രാപിക്കരുതോ? ചിന്തിക്കണമേ. മലങ്കരസഭയെ ഇനിയും പിളർപ്പിലേക്ക് നയിക്കുവാൻ അവിടുന്നു അനുവദിക്കരുതേ എന്ന് അവിടത്തെ തൃപ്പാദങ്ങൾ തൊട്ടപേക്ഷിക്കുന്നു.

സഭാസമാധാനസമിതിക്കുവേണ്ടി

സെക്രട്ടറി.

അങ്കമാലി സൗത്ത് P. O.

1–12–1972

പ്രീമിയർ പ്രിന്റേഴ്സ്, അങ്കമാലി.